**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6718** **11-11-2021 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് യൂണിവേഴ്സിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിന് കീഴിൽ പൊതു ഇടങ്ങളിൽ ഓപ്പൺ ജിമ്മുകൾ, ടർഫുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ; | (എ) | പൊതു ഇടങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുന്നതിന്റെ വിശദാംശങ്ങൾ കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഓപ്പൺ ജിം പദ്ധതിയുമായി ബന്ധപ്പെട്ട് ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പൺ ജിംനേഷ്യം എന്ന ഒരു പദ്ധതി, ടൂറിസം വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുതിർന്നവരുടെയും കുട്ടികളുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും യുവതലമുറയിൽ ആരോഗ്യ-കായിക ശേഷി വളർത്തിയെടുക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ പ്രചാരത്തിലുള്ള പരമ്പരാഗത ഇൻഡോർ ജിമ്മുകൾ സാധാരണക്കാർക്ക് അപ്രാപ്യമായതിനാൽ പൊതുയിടങ്ങൾ, പാർക്കുകൾ ടൂറിസം കേന്ദ്രങ്ങൾ തുറസ്സായ സ്ഥലങ്ങൾ (സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ) തുടങ്ങിയ കേന്ദ്രങ്ങളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിച്ച്, വ്യായാമത്തിനായുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് കേന്ദ്രം, കൊല്ലം, എറണാകുളം എന്നീ ജില്ലകളിൽ വാട്ടർ സ്പോർട്സ് എന്നീ പദ്ധതികൾ ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന കാര്യവും പരിഗണനയിലാണ്. സ്റ്റെയിൻലെസ് സ്റ്റീലിൽ നിർമ്മിച്ചിട്ടുള്ള ഓപ്പൺ ജിം ഉപകരണങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി, ആദ്യഘട്ടത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ, മിയവാക്കി മോഡൽ ഫോറസ്റ്റോടുകൂടി 10 സെന്റിലും 3 സെന്റിന് മുകളിലും മൂന്ന് സെന്റിന് താഴെയുള്ള സ്ഥലം |

| | | | |
|---|---|---|---|
| | | | എന്നിങ്ങനെ, 3 തരം ജിംനേഷ്യങ്ങളാണ് ആദ്യഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് ടൂറിസം വകുപ്പിന് കീഴിൽ തിരുവനന്തപുരം കനകക്കുന്ന്, മലപ്പുറം കോട്ടക്കുന്ന്, ആലപ്പുഴ ബീച്ച്, കോഴിക്കോട് ബീച്ച്, വയനാട് മാനന്തവാടി പഴശ്ശി പാർക്ക്, കണ്ണൂർ പയ്യാമ്പലം ബീച്ച് കാസർഗോഡ് വലിയപ്പറമ്പ് ബീച്ച് എന്നീ സ്ഥലങ്ങളിലാണ് ഓപ്പൺ ജിമ്മിനുള്ള സാധ്യത കേന്ദ്രങ്ങളായി പരിഗണിച്ചിട്ടുള്ളത്. നിലവിൽ ടർഫുകൾ സ്ഥാപിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നാച്ചറൽ ടർഫ് ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം (ബഡ്ജറ്റ് 2020 - 21) താമരക്കുളം പഞ്ചായത്ത് സ്റ്റേഡിയം (ബഡ്ജറ്റ് 2019 - 20) മലപ്പുറം മുക്കുത്തല പി.സി.എൻ.ജി.എച്ച്.എസ്.എസ് സ്കൂൾ ഗ്രൗണ്ടിലെ സെവൻസ് ടർഫ് (ബഡ്ജറ്റ് 2019 - 20) സിന്തറ്റിക് ടർഫ് പാലക്കാട് അനങ്ങനടി പഞ്ചായത്ത് ഗ്രൗണ്ടിലെ സെവൻസ് ടർഫ് (ബഡ്ജറ്റ് 2019 - 20) വാണിയംകുളം പഞ്ചായത്ത് സ്റ്റേഡിയം (ബഡ്ജറ്റ് 2018 - 19) കല്ല്യാശ്ശേരി (ബഡ്ജറ്റ് 2019 - 20) മാറഞ്ചേരി സ്റ്റേഡിയം (ബഡ്ജറ്റ് 2021 - 22) |
| (ബി) | ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിലുള്ള കുളങ്ങൾ നവീകരിച്ച് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | നിലവിലെ സ്വാഭാവിക നീന്തൽ കുളങ്ങൾ നീന്തൽ പരിശീലനത്തിനുതകുന്ന തരത്തിൽ നവീകരിച്ച് നീന്തൽക്കുളങ്ങൾ ആക്കി മാറ്റുന്ന പ്രവൃത്തി കായിക വകുപ്പ് നടപ്പിലാക്കുന്നില്ല. ഫിന മാന്വൽ പ്രകാരം അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽക്കുളങ്ങളുടെ നിർമ്മാണമാണ് നടപ്പിലാക്കുന്നത്. |
| (സി) | പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് സ്പോർട്സ് യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന ഡി.പി.ആർ.- ന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ